**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4326** | **09-08-2021 - ൽ മറുപടിയ്ക്ക്**

**പാലങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ്, പടനിലം, നടമ്മൽകടവ് എന്നീ പാലങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ട് എത്ര വർഷം വീതമായി എന്ന് വ്യക്തമാക്കാമോ; | (എ) | തൊണ്ടിലക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട അർത്ഥന 31/1/2017 ലാണ് ലഭിച്ചിട്ടുള്ളത്. പടനിലം പാലം അനുബന്ധറോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലിനുള്ള അർത്ഥന ലഭിച്ചത് 27/10/2018 തീയതിയിലും, ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചത് 31/1/2019 തീയതിയിലുമാണ്. നടമ്മൽക്കടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പുതിയ ആക്ട് പ്രകാരമുള്ള ഫോറം നമ്പർ 2 ലുള്ള അർത്ഥന ലഭിച്ചത് 9/11/17 ലാണ്. |
| (ബി) | അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാത്തത് കാരണം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ തുടങ്ങാൻ കഴിയാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| (സി) | ഓരോ പാലത്തിന്റെ കാര്യത്തിലും ഭൂമി പൊതുമരാമത്ത് വകുപ്പിന് എന്ന് കൈമാറാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | തൊണ്ടിലക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 29/6/2019 തീയതിയിലും, 11(1) 16/6/2020 തീയതിയിലും, 19(1) പ്രഖ്യാപനം 9/7/2021 തീയതിയിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നടമൽക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 24/10/2019 തീയതിയിലും 11(1) വിജ്ഞാപനം 27/10/2020 തീയതിയിലും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ചപ്പോൾ, പരാതിക്കാർ പുറമ്പോക്ക് കൈവശം വക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് പുറമ്പോക്കിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. ആയത് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പടനിലം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 14/10/2019 |

| | | | |
|---|---|---|---|
| | | | തീയതിയിലും 11(1) വിജ്ഞാപനം 07/07/2020 തീയതിയിലും 19(1) പ്രഖ്യാപനം 04/11/2020 തീയതിയിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതാണ്. മേൽ പദ്ധതികൾക്കായി LARR Rules 2015 ചട്ടം 4(6) പ്രകാരമുള്ള നഷ്ടപരിഹാരതുക അർത്ഥനാധികാരി കെട്ടിവെച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറക്ക് നടപടിക്രമങ്ങൾ പാലിച്ച് സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ